*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ, തിരുവനന്തപുരം 1*

**ICT Cell/1771/1/ HSE/2014** **18/09/2014**

# സർക്കുലർ

**വിഷയം : ഹയർസെക്കണ്ടറി ഇല്ലാത്ത പഞ്ചായത്തുകളിൽ അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിലേയും എറണാകുളം മുതൽ കാസർഗോഡ് വരെ അപ്ഗ്രേഡ് ചെയ്ത ഹയർസെക്കണ്ടറി സ്കൂളുകളിലേയും പ്രധാന അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ**

സൂചന : 1) സ.ഉ(കൈ). നം.143/2014/പൊ.വി തീയതി , 31/07/2014
2) GO(Rt)No.2037/14/GEdn dated 24/05/2014
3) **ഇതേ നമ്പറിൽ ആഗസ്റ്റ് 8,14,20 തീയതികളിലെ സർക്കുലറുകൾ**
4) ***ACD. C3/16830/2013/HSE*** **നമ്പറിൽ ആഗസ്റ്റ് 8, 20,21 തീയതികളിലെ ഡയറക്ടറുടെ നടപടിക്രമങ്ങൾ**

സൂചന 1 സർക്കാർ ഉത്തരവിലൂടെ സംസ്ഥാനത്ത് ഹയർസെക്കണ്ടറി ഇല്ലാത്ത പഞ്ചായത്തുകളിൽ അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിലെ കോഴ്സുകളിലേക്കും എറണാകുളം മുതൽ കാസർഗോഡ് വരെ അപ്ഗ്രേഡ് ചെയ്ത ഹയർസെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ച കോഴ്സുകളിലേക്കും പ്രവേശനം നടത്തുന്നതിന് അതത് സ്കൂളിലിന്റെ പ്രധാന അധ്യാപകരെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സ്കൂളുകളിൽ പ്ലസ്‌വൺ ക്ലാസ്സുകൾ ആഗസ്റ്റ് 27 ന് ആരംഭിക്കുവാനും നിർദ്ദേശിച്ചിരുന്നു. പ്രവേശിപ്പിക്കുവാൻ കഴിയുന്ന പരമാവധി 50 സീറ്റുകളിൽ നിലവിലുള്ള ഒഴിവുകളിൽ പ്രവേശനത്തിനു യോഗ്യത നേടിയ വിദ്യാർത്ഥികൾ പ്രവേശനത്തിന് അപേക്ഷിക്കുകയാണെങ്കിൽ മാനദണ്ഡങ്ങൾ പാലിച്ച് **സെപ്തംബർ 30** നുള്ളിൽ പ്രവേശനം പൂർത്തിയാക്കേണ്ടതാണ്.

പ്രസ്തുത സ്കൂൾ പ്രിൻസിപ്പാളിന്റെ ചാർജ്ജ് വഹിക്കുന്ന ഹെഡ്മാസ്റ്റർമാർ പ്രവേശന വിവരങ്ങൾ ( പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് , പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് (അഡ്മിഷൻ കാറ്റഗറി ഉൾപ്പെടുത്തിയുള്ളത്) എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ) **കൂടാതെ സ്കൂളിനെ സംബന്ധിച്ച പൊതുവിവരങ്ങൾ നിശ്ചിത മാതൃകയിൽ** (അനുബന്ധം നോക്കുക ) **കോ-ഓർഡിനേറ്റർ, ഐ.സി.റ്റി. സെൽ(ഹയർസെക്കണ്ടറി വിദ്യാഭ്യാസം), ഐ.റ്റി അറ്റ് സ്കൂൾ സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫീസ്, പൂജപ്പുര, തിരുവനന്തപുരം -12** എന്ന വിലാസത്തിൽ **2014 സെപ്തംബർ 25** ന് മുമ്പായി ലഭിയ്ക്കത്തക്കവിധം തപാലിൽ അയക്കണം.

പ്രസ്തുത സ്കൂളുകളുടെ പൊതുവിവരങ്ങൾ ഈ ആഫീസിൽ ലഭിച്ച ശേഷം സ്കൂൾ കോഡ് അനുവദിച്ച് നൽകുന്നതാണ്. സ്കൂൾ പ്രിൻസിപ്പാളിനും , കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരു അധ്യാപകനും നൽകുന്ന ട്രയിനിങിനെ സംബന്ധിച്ചുള്ള വിശദനിർദ്ദേശങ്ങളും പിന്നാലെ പുറപ്പെടുവിക്കുന്നതാണ്. പ്രസ്തുത പരിശീലനത്തിനു ശേഷം പ്രവേശനം നൽകിയ വിദ്യാർത്ഥി വിവരങ്ങൾ ഓൺലൈനായി കേന്ദ്രീകൃത അഡ്മിഷൻ രജിസ്റ്ററിയിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുന്നതാണ്.

**ഡയറക്ടർ**

# അനുബന്ധം

1. School Name & Address :
2. PinCode :
3. SchoolGender(Boys/Girls/Mixed) :
4. Name of Principal-in-Charge :
5. Mobile No of Principal-in-charge :
6. School PhoneNo(HSS) :
7. School E-mail Id(HSS) :
8. District :
9. Educational District :
10. Educational SubDistrict :
11. Regional Office :
12. TalukName :
13. Local BodyName :
14. Assembly ConstituenyName :
15. Parliament ConstituenyName :
16. Type of School :

(Mention GOVT,AidedGeneral,AidedBackward, Aided Minority)

**(If Aided Minority , attach Minority Certificate from Central Government)**

**Place:** **Dated Signature of Principal-in- Charge**

**Date:**

**Office Seal**